"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂവകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ടിപ്പർ ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്

സ.ഉ.(സാധാ) നം.1284/2026/RD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.194/2026/RD തീയതി 25.06.2026
2. സ.ഉ.(സാധാ) നം.1201/2026/RD തീയതി 02.07.2026
3. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 02.07.2026 ലെ ഡി2/3163/26/ജി.മെ.ആ നമ്പർ റിപ്പോർട്ട്
4. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 03.07.2026 ലെ ഡി2/3210/26/ജി.മെ.ആ നമ്പർ റിപ്പോർട്ട്
5. കൊല്ലം ജില്ലാ കളക്ടറുടെ 04.07.2026 ലെ DCKLM/6461/2026-N7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ നീലേശ്വരത്ത് നിന്നും കൊട്ടാരക്കരയിലേക്ക് പോകുന്ന റോഡിൽ മുക്കോണിമുക്ക് ജംഗ്ഷനിൽ നിന്നവരുടെ മുകളിലേക്ക് 23.06.2026 ന് രാവിലെ മണ്ണ് നിറച്ച ടിപ്പർ ലോറി(KL-12-D-9578) മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചും,പരിക്കേറ്റവരുടെ മുഴുവൻ ചികിത്സാചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വഹിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. അപകടത്തെത്തുടർന്ന് ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരുന്ന മാസ്റ്റർ കൗശൽ,S/o സന്തോഷ് കുമാർ, അന്നൂർ, എഴുകോൺ, അമ്പലത്തുംകാല, കൊല്ലം എന്ന കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് 23.06.2026 മുതൽ 26.06.2026 തീയതി വരെ ചെലവായ 2,99,452/- രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. നിലവിലും മാസ്റ്റർ കൗശൽ അതീവ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരുകയാണെന്നും കൗശലിന്റെ ചികിത്സക്കായി 26.06.2026 മുതൽ 01.07.2026 വരെ 1,65,032/- രൂപ ചെലവായിട്ടുണ്ടെന്നും, അതുപോലെ അപകടത്തിൽ പരിക്കേറ്റ് നിലവിൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയി വീട്ടിൽ കഴിയുന്ന ഋഷഭ് ബോബൻ, S/oഎം ബോബൻ, ദീപാലയം, അന്നൂർ, എഴുകോൺ,അമ്പലത്തുംകാല,കൊല്ലം എന്ന കുട്ടിയുടെ

ചികിത്സക്കായി 23.06.2026 മുതൽ 01.07.2026 വരെ 2,80,775/- രൂപ ചെലവായിട്ടുണ്ടെന്നും, ടി തുക അനുവദനീയമാണെന്ന് പരാമർശം (3),(4) പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും,ആയതിനാൽ ആകെ 4,45,807/- രൂപ രണ്ട് കുട്ടികളുടെയും ചികിത്സാ ചെലവിലേക്കായി അനുവദിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ നീലേശ്വരം മുക്കോണിമുക്ക് ജംഗ്ഷനിൽ ടിപ്പർലോറി മറിഞ്ഞുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ തുടരുന്ന കൗശിക് (S/o സന്തോഷ് കുമാർ, അന്നൂർ, എഴുകോൺ,അമ്പലത്തുംകാല,കൊല്ലം) എന്ന കുട്ടിയുടെ ചികിത്സയ്ക്ക് 26.06.2026 തീയതി മുതൽ 01.07.2026വരെ ചെലവായ തുകയായ 1,65,032/- രൂപയും, ഋഷഭ് ബോബൻ(S/o എം ബോബൻ, ദീപാലയം, അന്നൂർ, എഴുകോൺ, അമ്പലത്തുംകാല, കൊല്ലം) എന്ന കുട്ടിയുടെ ചികിത്സയ്ക്ക് 23.06.2026 മുതൽ 01.07.2026 വരെ ചെലവായ 2,80,775/- രൂപയും ചേർത്ത് ആകെ 4,45,807/- രൂപ (നാല് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഏഴ് രൂപ മാത്രം)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.വിതരണത്തിനാവശ്യമായി വരുന്ന തുകയായ 4,45,807/- രൂപ(നാല് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റിഏഴ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajitha V V
Date: 08-07-2026 11:09:42
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്കക്ക്
വന്യൂറവന്യൂ ഡി.ആർ.എഫ്-എ/ഡി.ആർ-ബി )വകുപ്പുകൾക്ക്